**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **28.05.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ :127** **മറുപടിക്ക്**

## <u>പോലീസ് സേനയുടെ നവീകരണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ പോലീസ് സേനയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) യും ബി) യും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തില് 136 കോടി രൂപയാണ് അനുവദിച്ചത്. 2019-20ൽ 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലേതിനേക്കാള് ഏകദേശം മൂന്നിരട്ടി അധികമാണിത്.

തൃശ്ശൂർ റീജിയണല് ഫോറൻസിക് സയൻസ് ലബോറട്ടറിയെ ഹൈടെക് ലബോറട്ടറിയായി ഉയർത്തി.

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങള്, ജ്വലറികള്, ഫാക്ടറികള് എന്നിവയുടെ സി.സി ടി.വി സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് സെൻട്രല് ഇൻട്രൂഷന് മോണിറ്ററിംഗ് സിസ്റ്റം (CIMS) നടപ്പിലാക്കുന്നതിന് അനുമതി നൽകി. CC TV Cameras with Remote Monitoring പദ്ധതി 200 പോലീസ് സ്റ്റേഷനുകളില് നടപ്പാക്കുന്നതിന് 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു.

ട്രാഫിക് നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന ഇൻറഗ്രേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെൻറ് സിസ്റ്റം എന്ന പദ്ധതിയുടെ ടെണ്ടര് നടപടികള് പുരോഗമിച്ചുവരുന്നു. ട്രാഫിക് പോലീസിൻറെ യൂണിഫോമില് ഘടിപ്പിക്കാവുന്ന ക്യാമറ വഴി നിയമലംഘകരെ കണ്ടെത്താനും നടപടി സ്വീകരിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ സൈബര് കുറ്റകൃത്യങ്ങള് അന്വേഷിക്കുന്നതിന് പരിശീലനം നൽകുന്നതിനായി പോലീസ് അക്കാദമിയില് സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട കേന്ദ്രം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എല്ലാ ജില്ലകളിലും 1515 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്ന കൺട്രോള് റൂമുകള് ആരംഭിച്ചു. അഞ്ച് നഗരങ്ങളില് 112 എന്ന നമ്പരിൽ ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പോലീസിന്റെ അടിയന്തര സഹായം തേടുന്നതിനുള്ള എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ആരംഭിച്ചു.

ഓരോ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തം വെബ്സൈറ്റ് തുടങ്ങാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പോലീസിൽ പരാതികള് സ്വീകരിക്കാന് സംവിധാനമൊരുക്കി. പോലീസിന്റെ

സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മൊബൈല് ആപ്പുകളും വെബ് പോർട്ടലുകളും സജ്ജമാക്കി.

ഇതിനു പുറമേ വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ 'രക്ഷ' എന്ന ആപ്ലിക്കേഷനും, 'Know Your Police App' , 'Online traffic offence reporting and the remittance', 'Women Safety and Emergency Response', 'Dial 100', 'Police Clearance Certificate App', 'Virtual Guide for Police Service' എന്നീ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

അന്വേഷണ ഉദ്യോഗസ്ഥർക്ക് വിരലടയാള വിവരങ്ങള് ഉടനടി ലഭ്യമാക്കാനുതകുന്ന നൂതന സംവിധാനമായ 'ഓട്ടോമേറ്റഡ് ഫിംഗർ ഐഡന്റിഫിക്കേഷൻ സിസ്റ്റം' ഏർപ്പെടുത്തി.

പ്രതികളെ ചോദ്യം ചെയ്യുന്നതിനായി ആധുനിക രീതിയിൽ ഇന്ററോഗേഷൻ റൂം സജ്ജമാക്കി.

പിണറായി വിജയൻ